# LMS LPS VAKKOM

## അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-26

സ്കൂൾ തലം

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഇന്ന് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വിവിധ പരിപാടികൾ വിവിധ ഏജൻസികളുടെ സഹായത്തോടെ നടത്തിവരികയാണ്. എന്നാൽ ചിലപ്പോഴെങ്കിലും കൃത്യമായ ആസൂത്രണമില്ലായ്മ കൊണ്ടോ പദ്ധതികളുടെ ഏകോപനക്കുറവു കൊണ്ടോ പല പദ്ധതികളും പൂർത്തിയാക്കാൻ കഴിയാതെ വരികയോ വഴിയിൽ ഉപേക്ഷിക്കേണ്ടി വരികയോ ചെയ്യാറുണ്ട്.

ഓരോ വിദ്യാലയവും അതിനനുയോജ്യമായ പദ്ധതികൾ കണ്ടെത്തുകയും പരീക്ഷിക്കുകയും അതി-നനുസൃതമായ പരിപാടികൾ ആസൂത്രണം ചെയ്യേ-ണ്ടതുമാണ്. ഇതിനായി PTA, SSG, SMC എന്നിവരു-ടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

തുടർച്ചയായ 3 വർഷങ്ങളിൽ വിദ്യാലയത്തിൽ നടക്കേണ്ട എല്ലാ പ്രവർത്തനങ്ങളു-ടെയും ആധികാരിക രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഈ പദ്ധതി പ്രകാരം എല്ലാ പ്രവർത്തനങ്ങളും നടത്താനും നമ്മുടെ വിദ്യാലയത്തിന്റെ സമഗ്രവികസ-നത്തിന് ഈ മാർഗ്ഗരേഖ മുതൽക്കൂട്ടായിതീരട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

# PROFILE

Name of School : L.M.S.L.P.S. VAKKOM
Type of School : Aided
Year of establishment : 1849
Name of Management : Corporate Management BHRD (LMS)
Name of BRC : Varkala
Name of CRC : Vakkom
Name of educational district : Attingal
Name of Sub District : Varkala
Name of Revenue district : Thiruvananthapuram
Name of Taluk : Chirayinkeezhu
Name of Block : Chirayinkeezhu
Name of Panchayath : Vakkom
Name of village :
Name of ward :
Post office : Vakkom
Pin code : 695308
Name of H.M : JEEJA. D
Mobile NO : 9496197987
U-DISE Code : 32141200706
L.M.S.L.P.S. Vakkom, gmail : lmslps vakkom 11@gmail.com

# വിദ്യാലയ ചരിത്രം

സമൂഹത്തിൽ ഉച്ചനീചത്വവും അനാചാരങ്ങളും നിലനിന്നിരുന്ന കാലത്ത് മറ്റുള്ളവരോടൊപ്പം അവർണ്ണർക്കും സാമാന്യവിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ LMS മിഷനറി 1849-ൽ സ്ഥാപിച്ചതാണ് LMSLPS. വക്കം എന്ന വിദ്യാലയം. ആദ്യകാലത്ത് ആരാധനാലയത്തിലാണ് ഈ വിദ്യാലയം പ്രവർത്തിച്ചിരുന്നത്. പിൽക്കാലത്ത് ആരാധനാലയവും വിദ്യാലയവും വെവ്വേറെ കെട്ടിടങ്ങളിൽ മാറ്റപ്പെട്ടു. ഈ ദേശത്തിന്റെ സാമൂഹിക സാംസ്കാരിക വികസനത്തിൽ ഈ സ്ഥാപനം വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്.

ഒന്നുമുതൽ നാലുവരെ ക്ലാസുകളും മാനേജ്മെന്റിന്റെ സഹായത്തോടെ ഒരു പ്രീപ്രൈമറി സ്കൂളും ഇവിടെ പ്രവർത്തിക്കുന്നു. പ്രഥമാധ്യാപിക ഉൾപ്പെടെ 5 അധ്യാപകർ സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. S.S.G, SMC, S.S.A, ഗ്രാമപഞ്ചായത്ത് അധ്യാപകർ തുടങ്ങിയവരുടെ നിരന്തരശ്രമഫലമായി ഈ വിദ്യാലയം ഇന്ന് എല്ലാരംഗത്തും മുൻപന്തിയിൽ നിൽക്കുന്നു.

# നിലവിലെ അവസ്ഥ

## അക്കാദമികം

ഈ സ്കൂളിലെ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനു വേണ്ടി വർഷങ്ങളായി അദ്ധ്യാപകരുടെ നിരന്തരശ്രമഫലമായി കലാമേളകളിലും മത്സരപരീക്ഷകളിലും കുട്ടികൾ മികച്ച വിജയം നേടിയിട്ടുണ്ട്. മാത്രമല്ല USS സ്കോളർഷിപ്പ്, യുറീക്കാവിജ്ഞാനോത്സവം, പ്രവൃത്തിപരിചയമേള എന്നിവയിൽ ഉന്നതവിജയം നേടാൻ സാധിച്ചത് ഈ സ്കൂളിന്റെ മികവായി എടുത്തുപറയേണ്ടതാണ്. പൊതുവിജ്ഞാനം, സ്പോക്കൺ ഇംഗ്ലീഷ് എന്നിവ കുട്ടികളുടെ നിലവാരം ഉയർത്താൻ സഹായിക്കുന്നു. എല്ലാദിവസവും ഉച്ചയ്ക്ക് 1.30 മുതൽ 2.00 വരെ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നടത്തിവരുന്നു. 5 പൊതുവിജ്ഞാനചോദ്യങ്ങൾ എല്ലാദിവസവും നൽകിവരുന്നു. പിറ്റേദിവസത്തെ അസംബ്ലിയിൽ ഈ ചോദ്യങ്ങൾ ചോദിക്കുന്നു. വായനയ്ക്ക് പ്രാധാന്യം നൽകുന്നതിനായി എല്ലാ ക്ലാസ്സുകളിലും ക്ലാസ്സ്ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ട്. ദിനപത്രം സ്കൂളിൽ വരുത്തുന്നു. ആഴ്ചയിലൊരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തിവരുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ്മത്സരം, പ്രസംഗം, രചനാമത്സരങ്ങൾ എന്നിവ നടത്തുന്നു. മത്സരപരീക്ഷകൾക്ക് മികച്ച പരിശീലനം നൽകുന്നു.

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികളും ഓരോ ക്ലാസിലും ആർജ്ജിക്കേണ്ട ശേഷികൾ, ധാരണകൾ, നൈപുണികൾ തുടങ്ങിയവ ഓരോരുത്തരുടെയും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
- കുട്ടികളുടെ മാതൃഭാഷാനിലവാരം ഉയർത്തുകയും സർഗ്ഗാത്മകരചനയ്ക്ക് അവസരം ഉറപ്പുവരുത്തുകയും ചെയ്യുക.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷികൾ വികസിപ്പിക്കുക.
- ഗണിതപഠനം രസകരമാക്കി ഗണിതപഠനത്തിൽ താല്പര്യം ഉണ്ടാക്കി നിത്യജീവിതത്തിലെ പ്രായോഗികപ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഗണിതത്തെ തൊട്ടറിയാനും ഉയർന്നനിലവാരത്തിലെത്തിക്കുകയും ചെയ്യുക.
- പരീക്ഷണനിരീക്ഷണങ്ങളിലൂടെ പരിസരപഠനം രസകരവും ഫലപ്രദവുമാക്കുകയും ചിന്താശേഷിയും ശാസ്ത്രാവബോധവും വളർത്തുകയും ചെയ്യുക.
- കലാകായിക ശാസ്ത്രമേളകളിൽ മികച്ച പങ്കാളിത്തവും വിജയവും ഉറപ്പു വരുത്തുക.

# മേഖല - മലയാളം

മലയാളം നമ്മുടെ മാതൃഭാഷ. അമ്മേ എന്നുള്ള ആദ്യാക്ഷരം മുതൽ ഓരോ മലയാളിയുടെയും ചുണ്ടിലൂറുന്ന തേൻതുള്ളികളായി മധുരമൂറുന്ന മലയാളം. ഒരു കുട്ടി അവൻ ജനിച്ചുവീഴുന്ന പരിസ്ഥിതിയെ സ്വന്തം ഭാഷയിൽ തന്നെ മനസിലാക്കണം. തന്റെ അനുഭവങ്ങളുടെ ആവിഷ്ക്കാരത്തിന് ഏറ്റവും നല്ല മാധ്യമം മാതൃഭാഷ തന്നെയാണ്. പ്രാഥമിക വിദ്യാഭ്യാസഘട്ടത്തിൽ മലയാള ഭാഷയിലെ പരിജ്ഞാനം അത്യന്താപേക്ഷിതം തന്നെ. നല്ല ഭാഷ സംസാരിക്കാൻ അക്ഷരത്തെറ്റില്ലാതെ എഴുതാൻ സർഗ്ഗസൃഷ്ടികളുടെ രചയിതാക്കളാവാൻ അക്ഷരജ്ഞാനം കൂടിയേ തീരൂ.

## ലക്ഷ്യങ്ങൾ

- അക്ഷരങ്ങൾ, ചിഹ്നങ്ങൾ മുതലായവ ആവശ്യാനുസരണം കൃത്യതയോടും സൂക്ഷ്മതയോടും ഉപയോഗിക്കൽ.
- പദാവലി വികസിപ്പിക്കൽ.
- ഭാഷാവ്യവഹാരരൂപങ്ങൾ, കഥകൾ, കവിതകൾ എന്നിവ പരിചയപ്പെടുത്തുന്നു.
- സർഗ്ഗാത്മക രചന നടത്തുന്നു.
- ചിത്രവായനയിലൂടെ എഴുത്തിലേക്ക് നയിക്കുന്നു.
- കുട്ടിക്കവിതകൾ, ചിത്രകഥാപുസ്തകങ്ങൾ എന്നിവ സ്വയം വായിച്ച് മനസിലാക്കാൻ പ്രാപ്തരാക്കുക.
- ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തുക.
- ദിനാചരണവുമായി ബന്ധപ്പെട്ട് പതിപ്പ് നിർമ്മിക്കുക.
- കൈയ്യെഴുത്ത് മാസികകൾ, കുട്ടിപുസ്തകം എന്നിവ തയ്യാറാക്കാൻ സജ്ജരാക്കുക.
- ഭാഷാപഠനത്തിന് I.T യുടെ സാധ്യത പ്രയോജനപ്പെടുത്തുക.
- കലാപഠനത്തിന് ഭാഷയുടെ സാധ്യത ഉപയോഗിക്കുന്നതിന് പരിശീലനം നൽകുക.

| Sl No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ [മലയാളത്തിളക്കം] | 1. Pre-test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളങ്ങൾ ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം കഥ പറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ - ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. CD-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്കും പ്രത്യേകം ക്ലാസ് | 2 months Aug-Sep | പുസ്തകങ്ങൾ<br>CD | BRC<br>DIET<br>SCERT<br>PTA |

| Sl No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക<br>(വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3, സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4, സമീപ ഗ്രന്ഥശാല അംഗത്വം<br>5, വായനോത്സവം സംഘടിപ്പിക്കൽ<br>6, പത്ര വായന<br>7, അമ്മവായന<br>8, പുസ്തകചർച്ച<br>9, വായനാനുഭവം പങ്കുവയ്ക്കൽ<br>10, വായനാക്കുറിപ്പ് പതിപ്പ്<br>11, വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12, സ്കൂൾ സഭ, ബാലസഭ<br>13, ദിനാചരണങ്ങൾ<br>14, ആകാശവാണിക്കൂട്ട്<br>15, സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16, ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനക്കുറി<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>P.T.A<br>BRC |

| Sl No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 17, ആസ്വാദകരമായ വായന | | | |
| | | 18, വായനാ സാമഗ്രികൾ വികസിപ്പിക്കൽ | | | |
| | | 19, ഇ - വായന | | | |
| | | 20, പുസ്തകം ഒരുക്കൽ | | | |
| | | 21, വായനക്കൂട്ടം മോണിറ്ററിംഗ് | | | |
| | | 22, കാവ്യക്കൂട്ടം. | | | |
| 3, | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | 1, എഴുത്തുകൂട്ട രൂപീകരണം | | | |
| | | 2, പുസ്തക ചർച്ച | | ലൈബ്രറി | BRC DIET |
| | | 3, ക്ലാസ് ലൈബ്രറി | | | |
| | | 4, വായനക്കുറിപ്പ് പതിപ്പ് | | | |
| | | 5, സമ്പാദിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം. | | | |
| | | 6, വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | | | |
| | | 7, ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ | | പുസ്തകങ്ങൾ | SCERT PTA |
| | | 8, സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | | | |

| Sl. No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 9 - എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10 - വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ്<br>11, ബാലസഭ<br>12, പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13, വ്യക്തിഗത രചന സംഘ രചന<br>14, ഡോക്യു, പ്രോജക്ട്<br>15, സാഹിത്യകാരന്മാരുമായുള്ള സംവാദം അഭിമുഖം.<br>16, രചയിതാക്കളെ പരിചയപ്പെടൽ<br>17, സാഹിത്യ സാംസ്കാരിക ചിന്തകരുമായി | Audio വായന | ജീവചരിത്ര പുസ്തകങ്ങൾ ഗ്രന്ഥശാല<br>ഫോട്ടോകൾ പുസ്തകങ്ങൾ | BRC<br>ജനപ്രതിനിധി<br>P.T.A<br>Teachers |

# Project - Malayalam

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ച വായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം)

വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരും എഴുത്തുകാരുമാക്കുക- എഴുത്തും വായനയും ഒരു നവ്യാനുഭവമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

## ലക്ഷ്യങ്ങൾ

-> എല്ലാവർക്കും എഴുത്തും വായനയും
-> വായനക്കൂട്ടം എഴുത്ത് കൂട്ടം
-> അമ്മവായന
-> ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
-> ഗ്രന്ഥശാല സന്ദർശനം
-> ക്ലാസ് സഭ, സ്കൂൾസഭ, ബാലസഭ
-> വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
-> മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
-> ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
-> വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
-> ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
-> ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത സജ്ജീകരിക്കൽ

1- മലയാളത്തിളക്കം

പ്രീടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തി

2- അക്ഷരം ഉറപ്പിക്കൽ [1 month]

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3- അടയാളങ്ങൾ ഉറപ്പിക്കൽ

ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.

4- അക്ഷരകാർഡ് വാക്കുകൾ എഴുതിയ കാർഡ്

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ.

5- ചിത്രം - അടിക്കുറിപ്പ്

ചിത്രം നൽകൽ അടിക്കുറിപ്പ് പറയിപ്പിക്കൽ - അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6- കഥ - ബാക്കി പറയൽ - എഴുതൽ

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു. ബാക്കി പറയിക്കുന്ന. എഴുതുന്നു.

7- കഥാ - പുസ്തകം നൽകൽ

വായന, കുറിപ്പ് തയ്യാറാക്കൽ

8- CD - പ്രദർശനം

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ചിത്രങ്ങളെക്കുറിച്ച് പറയുന്നു. എഴുതുന്നു

9- ഭിന്നശേഷിക്കാരെ പരിഗണിക്കൽ.

ഭിന്നശേഷിക്കാർക്കായി പ്രത്യേക പ്രവർത്തന പാക്കേജ്. IED അധ്യാപകരുടെ സേവനം.

10- ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന group-കളാക്കുന്നു. എത്ര പുസ്തകം വായിച്ചു. വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം. (പ്രായോഗ്യമായി ബന്ധപ്പെട്ടവ)

11- ക്ലാസ് ലൈബ്രറി രൂപീകരിക്കൽ

കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12- സ്കൂൾ ലൈബ്രറി നവീകരണം

സ്കൂൾ ലൈബ്രറി നവീകരണം പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തക വിതരണം.

13- സമീപ ഗ്രന്ഥശാല അംഗത്വം, പുസ്തക വിതരണം വായന എഴുത്ത്.

14- വായനോത്സവം സംഘടിപ്പിക്കൽ

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ എല്ലാപേരും അനുഭവം പങ്കിടൽ വായനക്കുറിച്ച്, ആസ്വാദനക്കുറിപ്പ് പ്രകാശനം അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ

15- പത്രവാർത്ത

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രക്വിസ്, വാർത്ത തയ്യാറാക്കൽ. പത്രം തയ്യാറാക്കൽ (പ്രായോഗ്യമായി ബന്ധപ്പെട്ട)

പ്രവർത്തനങ്ങൾ

16 - അമ്മവായന

അമ്മമാർക്ക് ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കി - മികച്ച കുറിപ്പ് കണ്ടെത്തൽ - പ്രോത്സാഹനം. അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ ശില്പശാല.

17 - വായനാക്കുറിപ്പ്

ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. പതിപ്പ് പ്രകാശനം

18 - പുസ്തക ചർച്ച

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ

19 - വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ. സ്വന്തം സൃഷ്ടി പരിചയപ്പെടുത്താൻ അവസരം

20 - ക്ലാസ് സ്കൂൾ ബാലസഭകൾ

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം. യോഗം സംഘടിപ്പിക്കൽ സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം. വിദ്യാലയത്തിന് പുറത്ത് ബാലസഭ രൂപീകരിക്കൽ

21 - ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22- ആകാശവാണി ക്ലബ്ബ്

കുട്ടികളുടെ സർഗ്ഗവികാസത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ക്ലബ്ബ് നടത്തുന്നു.

23- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം

സാഹിത്യ വാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ. പുസ്തകരചന നടത്തുവാൻ. കഥ, കവിത രൂപീകരണം മനസിലാക്കാൻ.

24 - ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും

സ്കൂളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്താൻ.

25 - വായനാസാമഗ്രികൾ വികസിപ്പിക്കൽ

കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ. രചനകൾ സ്റ്റെപ്പിൾ ബൈൻഡ് ചെയ്യുക.

26 - ഇ-വായന സാധ്യതകൾ കണ്ടെത്തൽ

വിക്കിപീഡിയ പരിചയപ്പെടുത്തൽ നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി വായനക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം. 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തുന്നു

27 - വായനാക്കൂട്ടം എഴുത്തുകൂട്ടം - മോണിറ്ററിംഗ്

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ BRC, DIET അധ്യാപകർ മറ്റു സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം.

28 - കാവ്യക്കൂട്ടം

കുട്ടികളുടെ കവിതകൾ അധ്യാപകരുടെ കവിതകൾ രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ പ്രാദേശിക സാഹിത്യകാർ, കവികൾ മുതലായവരെ സംഘടിപ്പിച്ച് BRC യുടെ സഹായത്തോടെ കാവ്യക്കൂട്ടം സംഘടിപ്പിക്കുന്നു.

29 - എഴുത്തുകൂട്ട രൂപീകരണം

കുട്ടികളുടെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന സംഘടിപ്പിക്കുന്ന എഴുത്തിന്റെ സാഹിത്യ വിഭാഗം. മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30 - സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തക അഭിപ്രായം രേഖപ്പെടുത്തണം. ഇങ്ങനെ മാറി മാറി എല്ലാവരും എഴുതണം.

31 - വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ. വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം list ചെയ്യൽ. വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, സംവാദം, അഭിമുഖം.

32- ഇൻലന്റ് മാഗസിൻ, ചുവർപത്രിക, പതിപ്പ്

സർഗശേഷി പരിപോഷിപ്പിക്കാൻ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുവർ പത്രിക പതിപ്പുകൾ തയ്യാറാക്കൽ പ്രകാശനം.

33- വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

പഠന പ്രവർത്തനങ്ങളുമായും വായിച്ച പുസ്-തകങ്ങളുമായും ബന്ധപ്പെട്ട വായനാകുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ

34- പൊതുവേദിയിലെ പ്രകടനങ്ങൾ.

കുട്ടികളിലെ ഭയം സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്, സർഗവേള ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു.

35- വ്യക്തിഗതരചന സംഘരചന

കുട്ടികളുടെ സർഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു വിലയിരുത്തൽ പുസ്തകം തയ്യാറാക്കൽ

36- ഭാഷാ പ്രൊജക്ടുകൾ

ഭാഷയെ കൂടുതൽ മനസിലാക്കാനും ആസ്വദിക്കാനും വായനക്കാരായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു.

37- രചയിതാക്കളെ പരിചയപ്പെടൽ

അസംബ്ലിയിൽ ഒരു ഇനമാകണം കൃതികൾ സംഭാവന സവിശേഷത എന്നിവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ. പരിചയപ്പെടുത്താൻ പതിപ്പ് തയ്യാറാക്കൽ

38- ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ

BRC, IED Teacher's എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കൽ, പ്രോത്സാഹനം, പ്രഗത്ഭരുടെ സേവനം.

39- സാഹിത്യസാംസ്കാരിക ചിത്ര ഗ്യാലറി

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത്ര കുറിപ്പുകൾ ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ

# മേഖല - ഗണിതശാസ്ത്രം

വിദ്യാർത്ഥികൾക്ക് നിത്യജീവിതത്തിൽ അവർ നേരിടുന്ന പ്രായോഗികപ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഗണിതത്തെ തൊട്ടറിയാനും പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിലെത്തിച്ച് ഗണിതത്തെ രസകരമാക്കി മാറ്റുന്നതിന് വേണ്ടിയുള്ള യജ്ഞം, വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളിലും ഗണിതപ്രഹേളികൾ, പ്രശ്നങ്ങൾ, നിർമ്മിതികൾ ഇവയിലൂടെ ഗണിതശേഷി വികസനം സാധ്യമാക്കുക യാണ് LMSLPS പൊന്നംകുളം സ്കൂൾ ലക്ഷ്യമാക്കുന്നത്.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കൽ.
- ആസ്വാദ്യകരമായ രീതിയിൽ ഗണിതകളികളിലേർപ്പെടുന്നു.
- ഗണിതക്രിയകൾ ഉറപ്പിക്കൽ
- കലണ്ടർ, കറൻസി, നാണയം എന്നിവയുമായി ബന്ധപ്പെട്ട വസ്തുതകൾ ഉറപ്പിക്കൽ.
- പസിൽസ്, ഗെയിമുകൾ, നമ്പർ ചാർട്ട് എന്നിവ തയ്യാറാക്കൽ
- ഗണിതവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ പരിചയപ്പെടുത്തൽ.
- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ക്ലാസ് |
|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കൽ | സംഖ്യ കാർഡുകൾ | 1, സംഖ്യ കാർഡുകൾ ചിത്രങ്ങൾ, എന്നിവ പരിചയപ്പെടുത്തുന്നു. നിശ്ചിത എണ്ണം ചിത്രങ്ങൾക്ക് നിറം കൊടുക്കുന്നു.<br>2, നിശ്ചിത എണ്ണം മഞ്ചാടി, ഇല എന്നിവ ഒട്ടിച്ച് ചേർത്ത് ചിത്രം നിർമ്മിക്കുന്നു.<br>3, കലണ്ടറിലെ വിട്ടുപോയ സംഖ്യകൾ പൂരിപ്പിക്കുന്നു.<br>4, ഒറ്റ, ഇരട്ട സംഖ്യകൾ ക്രമീകരിക്കുന്നു.<br>5, സംഖ്യാപാറ്റേൺ പൂരിപ്പിക്കുന്നു. പുതിയവ നിർമ്മിക്കുന്നു.<br>6, ആരോഹണ അവരോഹണ ക്രമത്തിലെഴുതുന്നു. | 6 മാസം | 1-2 |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തനവിശദീകരണം | കാലയളവ് | ക്ലാസ് |
|---|---|---|---|---|
| ഗണിതക്രിയകൾ ഉറപ്പിക്കൽ. | സംഖ്യാചക്രം, സംഖ്യാമാല. | 1) സംഖ്യാചക്രം, സംഖ്യാമാല എന്നിവ പൂർത്തിയാക്കുന്നു. 2) മാന്ത്രികകളങ്ങളിലെ വിട്ടുപോയ സംഖ്യകൾ പൂർത്തിയാക്കുന്നു. 3) നിത്യജീവിതവുമായി ബന്ധപ്പെട്ട സങ്കലനവ്യവകലന പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു 4) ക്രിയകളും ഉത്തരങ്ങളും ചേരുംപടി ചേർക്കുന്നു. | 3 മാസം | 1-2 |
| 1000 വരെയുള്ള സംഖ്യാബോധം, സങ്കലനം വ്യവകലനം ഗുണനം | അബാക്കസ്, സ്ഥാനവില പോക്കറ്റ് സംഖ്യാചക്രം. | മൂർത്തവസ്തുക്കൾ ഉപയോഗിച്ച് (ഈർക്കിൽ, മഞ്ചാടി മുത്ത്) എണ്ണൽ, കെട്ടുകളാക്കൽ, കൂട്ടങ്ങളാക്കൽ. | ജൂൺ-മാർച്ച് | 3 |

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തനവിശദീകരണം | കാലയളവ് | ക്ലാസ് |
| --- | --- | --- | --- | --- |
| ഗണിതക്രിയകൾ ഉറപ്പിക്കൽ. | സംഖ്യാചക്രം, സംഖ്യാമാല | 1) സംഖ്യാചക്രം, സംഖ്യാമാല എന്നിവ പൂർത്തിയാക്കുന്നു. ② മാന്ത്രികകളത്തിലെ വിട്ടുപോയ സംഖ്യകൾ പൂർത്തിയാക്കുന്നു. ③ നിത്യജീവിതവുമായി ബന്ധപ്പെട്ട സങ്കലനവ്യവകലന പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു ④ ക്രിയകളും ഉത്തരങ്ങളും ചേരുംപടി ചേർക്കുന്നു. | 3 മാസം | 1-2 |
| 1000 വരെയുള്ള സംഖ്യാബോധം, സങ്കലനം വ്യവകലനം ഗുണനം | അബാക്കസ്, സ്ഥാനവില പോക്കറ്റ് സംഖ്യാചക്രം. | മൂർത്തവസ്തുക്കൾ ഉപയോഗിച്ച് (ഈർക്കിൽ, മഞ്ചാടി മുത്ത്) എണ്ണൽ, കെട്ടുകളാക്കൽ, കൂട്ടങ്ങളാക്കൽ | ജൂൺ-മാർച്ച് | 3 |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തനവിശദീകരണം. | കാലയളവ് | ക്ലാസ്. |
|---|---|---|---|---|
| | | അബാക്കസ്, സ്ഥാനവിലപോക്കറ്റ്, കളിനോട്ടുകൾ, സംഖ്യാറിബൺ എന്നിവ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കൽ.<br>• പാമ്പും കോണിയും ജിബ്സം ബോർഡ്.<br>• സംഖ്യാചക്രം.<br>• മുത്ത് കോർക്കൽ.<br>• സംഖ്യാകാർഡ്കളി. | | |
| ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ. | ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു. | നിത്യോപയോഗസാധനങ്ങളിൽ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. പട്ടികപ്പെടുത്തുന്നു.<br>• കാർഡ് ബോർഡ്, ഈർക്കിൽ, തീപ്പെട്ടിക്കൊള്ളി എന്നിവയുപയോഗിച്ച് ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു. | 3 മാസം | 3,4 |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തനവിശദീകരണം. | കാലയളവ് | ക്ലാസ് |
|---|---|---|---|---|
| • സമയവുമായി ബന്ധപ്പെട്ടവസ്തുതകൾ മനസ്സിലാക്കുന്നു. | ക്ലോക്കിലെ സമയം | 1, ദിവസങ്ങൾ, ആഴ്ചകൾ, മാസങ്ങൾ എന്നിവ തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു. 2, നിത്യജീവിതത്തിലെ കാര്യങ്ങളെ രാവിലെ, ഉച്ച, വൈകുന്നേരം എന്നിങ്ങനെ സമയക്രമം അനുസരിച്ച് പട്ടികപ്പെടുത്തുന്നു. 3, ക്ലോക്കിലെ സമയം, മണിക്കൂർ, മിനിറ്റ് എന്നിങ്ങനെ തിരിച്ചെഴുതുന്നു. | ജൂലൈ ഒക്ടോബർ | 1-4 |
| • കറൻസിയും നാണയവും പരിചയപ്പെടുന്നു. | | 1, കളിനോട്ടുകൾ, നാണയങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. 2, നിത്യജീവിതപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കറൻസിയും നാണയവും ഉപയോഗിക്കുന്നു. 3 കളിനാണയങ്ങൾ, നോട്ടുകൾ എന്നിവ നിർമ്മിക്കുന്നു. | നവംബർ ഡിസംബർ | 1-4 |

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ക്ലാസ് |
|---|---|---|---|---|
| • മൂന്നക്ക/ നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം. | ഇഷ്ടമുള്ള ഒരു മൂന്നക്കസംഖ്യ എഴുതാം. കളിനോട്ട് /ഗ്രിഡ് ഉപയോഗിച്ച് (1, 10, 100, 1000 ന്റെ) കൂട്ടങ്ങളാക്കി മാറ്റാം | 1 മാസം | 4 |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സംഖ്യ ചക്രം | • സംഖ്യചക്രം കറക്കി 2 സംഖ്യകൾ തിരഞ്ഞെടുക്കുന്നു. അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം ഹരണം. | ജൂലൈ- മാസം | 4 |
| | ഭാഗ്യവാനെ കണ്ടെത്താം | • T.V ബോർഡിൽ ഒരു സംഖ്യ എഴുതുന്നു. • വിവിധ ക്രിയകൾ എഴുതിയ നറുക്കുകൾ കുട്ടികൾക്ക് തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു. | ജൂലൈ - ഫെബ്രുവരി | 4 |
| | ജോഡി കണ്ടെത്താം. | വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. • കുട്ടികൾക്ക് സംഖ്യ നമ്പറുകൾ കണ്ടെത്താൻ അവസരം നൽകുന്നു. | ആഗസ്റ്റ് - ഫെബ്രുവരി | 4 |

## ഗണിതക്കിറ്റ്

ഗണിതക്രിയകൾ ചെയ്യാനാവശ്യമായ മുത്തോടി, ഈർക്കിൽ, ഗണിതകാർഡുകൾ എന്നിവ ഉൾപ്പെട്ട കിറ്റ് തയ്യാറാക്കുന്നു.

## സംഖ്യാമരം

ഗണിതവസ്തുതകൾ പ്രദർശിപ്പിക്കുന്ന മരച്ചില്ല ക്ലാസിന്റെ മുൻവശത്ത് തയ്യാറാക്കുന്നു.

## ഗണിതലൈബ്രറി

ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പ്രത്യേകം സജ്ജീകരിച്ച ലൈബ്രറി.

## ഗണിതലാബ്

പഠനോപകരണങ്ങൾ, പസിലുകൾ, ഗണിതചാർട്ടുകൾ, ശേഖരണങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന ഗണിതലാബ് തയ്യാറാക്കുന്നു.

## ഗണിതലാബ് - പഠനോപകരണനിർമ്മാണം.

ഗണിതക്രിയകൾ, വിവിധ അളവുകൾ, സമയം തുടങ്ങിയവയ്ക്കനുയോജ്യമായ പഠനോപകരണങ്ങൾ സ്വന്തമായി നിർമ്മിക്കാനാവശ്യമായ ഗണിതശില്പശാല സംഘടിപ്പിക്കുന്നു.

കുട്ടികൾ നിർമ്മിച്ച പഠനോപകരണങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുന്നു.

ഗണിതത്തിൽ താൽപര്യം വർദ്ധിക്കുന്നു.

ഗണിതപഠനം രസകരമാകുന്നു.

# English

English has an important role in the world as an international language. English like a window to the world because by English you can learn about the world you can get more information from the world. English has several advantage when it has been taught in primary level. Students need to practice English Everyday they can master it well. Now adays communication in English, Expression of ideas in English, acquaring language abilities such as reading and writing in English are very essential. Leaving outcomes can be achieved in a short term as well as in a long time. The activities are oriented for this achievement. By doing so many activities the child can connect his word to the language and enable him to go beyond the world. ICT usage will develop an interest in learning the English language.

# Aims

- Make the children able to describe picture / objects orally using appropriate colour, size and shape.
- Speaks about the characters in a story.
- Indentifies and responds to questions with what, who and when.
- Differentiates size and position of objects.
- Identifies the names of different birds, animals and their young ones.
- Describes pictures orally.
- Responds meaningfully to informations in a dialogue / conversation.
- Develops vocabulary related to body parts of animals.
- Develops ideas about family relationships.
- Develops understanding about the part of vehicles and days in a week.
- Writes similar lines based on a theme.
- Increases the language proficiency in communication in English.

| Sl No | Programme | Activity | Duration | Support |
|---|---|---|---|---|
| 1 | English | Pre-test<br>Cut and paste spelling<br>Back to back spelling.<br>Erasing words.<br>Word begining with<br>word out of<br>Missing letters<br>Picture reading<br>Rhyms<br>Story - Presentation<br>Can you make a sentence ?<br>Sentence Strips.<br>Concept maping<br>Description<br>Evolving text<br>English corner<br>English club.<br>Language games.<br>Speeches<br>Skit<br>English assembly.<br>Riddles<br>English test.<br>ICT usage. | Academic Year | PTA teachers |

## Activities

Pretest - Conducts pre-tests in all classes to find out the learners academic level.

Cut and paste spelling

Give each student a page from a news paper. Asks them to cut out letters from headlines and other big lettered text. Let them to clue those letters on a sheet of paper to spell the words first and correctly will be the winner of the game

Back to back spelling

Students are divided into pairs. Each student in a pair writes the given word on the other students back with a finger. The partner must find out what word the other one has written just by guessing and thinking about how the letters are being formed. After finding out the word the partner has to say the word aloud, this has to repeated with the other studets also.

Words begining with.

Divide the students into groups. Give a letter and asks each group to write down as many words as they can that begin with that letter with in two minutes. After two minutes students stop writing. Asks each

group to read out their words with the spelling. Each correct word gets one point. The group that has the maximum number of correctly spelt words are the winners.

Erasing words.

Write about ten words that the students have essentialy and recently learnt as the black board. Give the class a minute to memorize or photograph the words in their mind. Then point out one word and erase it. The students have to write it down in their note books. Check the spelling those who have got the maximum correctly are the winners.

Words out of.

Write a few letters on the black board. Be sure to include some words. Asks the students to make words out of them with in a time limit.

Missing letters.

Gives work sheets to the learners and asks them to do it.

eg: a — p — e (p, l)
m — n — o (a, g)

learners select the letters and make meaningful words.

Picture reading:
Provides so many pictures / Story charts familiar to the learners and Tr. interacts them and allow them to ask questions and give oppertunities to answer the interaction questions of the teacher.

Rhymes:
Provides oppertunities to hear, sing and enjoy somany rhymes by the teacher and with ICT facilities.

Story presentation:
Acts the stories in the classroom with masks. Allow them to speak in English


Can you make a sentence:
Distributes word cards in groups and allow them to make a meaningful sentence. Then gives oppertunities individually.

Sentence strips:
Using sentence strips allow the learners to make a narration / passage. It must be familiar to them.

eg:- This is a garden
There are so many flowers and plants
Butterfies are sucking nectar.

Concept maping.

Make a word web using all aspects related to the theme. Using this the learners can describe the theme and can write a description about it.




Description.

This is a continuous activity of concept making. After that Tr. shows the picture of garden / fair / forest etc. Let them to describe the picture orally and after that allow them to write it.

Evolving text.

During the time of narration teachers megaphonises the text. Then shows the sentence strip and displays it out to the big picture. Doing like this we will get the text.

This is Ben — This is Sen

Ben is Big — Sen is small

So the learners will familiarise with the text easily and to help them to read it, correctly.

English corner.
Sets English corner in each classes and provides story; books, picturecharts, word cards sentence strips and the learning outcomes of children.

English club.
Forms an English club in the school including teachers. Tr. gives certain duties such as to maintain the wonder wall using the product. The learning outcomes classwise, conduct reading competition etc. Prepares conversation according to the classlevel using T.B or daily life situation. eg: Classroom, market, house etc.

English day.
Select a day as Englishday and let them speak only in English. So they can increase their communicative skills and vocabulary. They will acquire fluency in English.

English assembly.
Conducts English assembly on Englishday. In this prayer, pledge, speeches rhymes introducing books. They had read etc will include.

## English Balasabha.

Conducts English Balasabha monthly in school. Learners express their ideas through various discourses such as conversation, rhyme, action song, Story telling, speeches, skit etc.

## Language games.

There are so many language games which increases their vocabulary, reading. usage of grammar etc.

## Searching for syllables.

From a familiar passage (TB) allow the learners to select three syllable word, four syllable word etc. writes and reads these words.

## Making another sentences

eg:- The house was for sale.
Ten helecopters were flying South etc.

## Word hunt.

Select a text from that select three words and a new word from the new passage. Then allow them to find the add one.

## Speeches.

Gives practice to present a speech before an audience. Speeches about national leaders. Environmental problems good habits etc

Skit.

This is also a classroom activity.

Magazine.

Prepares magazines using classroom outcomes such as preparing conversation. description, notice, diary, adding more lines, story developing etc.

English Fest.

All the Students will participate in the festival. The learners will be the anchors and participants. Learners can express their performances before their parents and public.

ICT Usage.

ICT usage invites the curiosity of the learners. So uses the possibilities in activities wherever neccessary.

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുന്നു.
- ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക.
- ശാസ്ത്ര ചിന്ത, ശാസ്ത്രബോധം, ശാസ്ത്രനൈപുണി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- ശാസ്ത്ര പഠനത്തെ സാമൂഹ്യമുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
- ശാസ്ത്രപഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- പാരിസ്ഥിതികാവബോധം വളർത്തുക.
- ശാസ്ത്രപഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
- ശാസ്ത്രപഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| സാമൂഹ്യ ഇടപെടലുകളിലൂടെ പരിസര പഠനം. | 1, നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>2, ഫീൽഡ്ട്രിപ്പ്<br>3, ശാസ്ത്രപരീക്ഷണങ്ങൾ<br>4, ബോധവൽക്കരണ ക്ലാസുകൾ<br>5, ശേഖരണം.<br>6, പഠനറിപ്പോർട്ട്<br>7, പ്രോജക്ട്<br>8, സർവ്വേ<br>9, പതിപ്പുകൾ<br>10, പഠനോപകരണ നിർമ്മാണം. | Acadamic Year | All teachers |

# പരിസരപഠനം

## പ്രവർത്തനങ്ങൾ

**1, നിരീക്ഷണക്കുറിപ്പുകൾ**

പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് നിരീക്ഷിക്കാനുള്ള അവസരവും നിരീക്ഷണക്കുറിപ്പ് തയ്യാറാക്കാനുള്ള അവസരം നൽകുന്നു.

**2, ഫീൽഡ്ട്രിപ്പ്**

പൊതുസ്ഥാപനങ്ങൾ, നിർമ്മാണശാലകൾ, കാർഷികാവിളകൾ, വീട്ടുനിർമ്മാണഘട്ടങ്ങൾ എന്നിവിടങ്ങളിൽ സന്ദർശിക്കുന്നു.

**3, ശേഖരണം - മണ്ണ്, വിത്ത്, ഇല**

പാഠഭാഗവുമായി ബന്ധപ്പെട്ട മണ്ണ്, വിത്ത്, ഇല എന്നിവ ശേഖരിക്കുന്നു. പ്രദർശിപ്പിക്കുന്നു.

**4 ബോധവൽക്കരണ ക്ലാസുകൾ**

ആരോഗ്യം, ശുചിത്വം, ട്രാഫിക് നിയമങ്ങൾ തുടങ്ങിയവയെക്കുറിച്ച് ബോധവൽക്കരണക്ലാസുകൾ നൽകുന്നു.

**5, ശാസ്ത്രപരീക്ഷണങ്ങൾ**

പാഠഭാഗവുമായി ബന്ധപ്പെട്ട് ലഘുപരീക്ഷണങ്ങൾ ചെയ്യുന്നു.

**6, പഠനറിപ്പോർട്ട്**

വ്യത്യസ്തപഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനറിപ്പോർട്ട് തയ്യാറാക്കുന്നു.

**7 പ്രോജക്ട്** : പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പതിപ്പുകൾ തയ്യാറാക്കുന്നു. പ്രദർശിപ്പിക്കുന്നു.

## സയൻസ് കിറ്റ്

ശാസ്ത്ര പഠനത്തിനാവശ്യമായ വസ്തുക്കൾ, ശേഖരണങ്ങൾ ലഘുലേഖകൾ എന്നിവ ഉൾപ്പെടുത്തി കിറ്റ് തയ്യാറാക്കുന്നു.

## സയൻസ് കോർണർ

ശാസ്ത്രപുസ്തകങ്ങൾ, നിരീക്ഷണക്കുറിപ്പുകൾ, പരീക്ഷണത്തിനാവശ്യമായ സാമഗ്രികൾ എന്നിവ ഒരുക്കി സയൻസ് കോർണർ തയ്യാറാക്കുന്നു.

## ശാസ്ത്രനാടകം

ശാസ്ത്രവിഷയങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവിതം, കണ്ടുപിടിത്തങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നാടകം തയ്യാറാക്കി അവതരിപ്പിക്കുന്നു.

## മിനിലാബ്

ലഘുപരീക്ഷണങ്ങളും സാമഗ്രികളും അവ നടത്താനുള്ള സംവിധാനങ്ങളും ഉൾപ്പെട്ട ലാബ്.

## പ്രദർശനം

ശാസ്ത്രവുമായി ബന്ധപ്പെടുത്തി ശാസ്ത്രജ്ഞന്മാരുടെ ജന്മദിനത്തിൽ ശാസ്ത്രപ്രദർശനം നടത്തുന്നു.

## ബുള്ളറ്റിനുകൾ

ശാസ്ത്രലോകത്തെ പുത്തനറിവുകളും വാർത്തകളും തയ്യാറാക്കി അവതരിപ്പിക്കുന്നു.

## സയൻസ് ക്ലബ്ബ്

സയൻസ് ക്ലബ്ബ് രൂപീകരിച്ച് ആഴ്ചയിൽ ഒരുദിവസം ക്ലബ്ബ് കൂടി ശാസ്ത്രവുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു.

**സഹവാസക്യാമ്പ്** : നക്ഷത്രനിരീക്ഷണം, വാനനിരീക്ഷണം, എന്നിവയുമായി ബന്ധപ്പെട്ട് സഹവാസ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

**ശാസ്ത്രോത്സവം** : ശാസ്ത്രമത്സരങ്ങൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.

**ശില്പശാല** : ബോധവൽക്കരണ ക്ലാസുകൾ, പഠനോപകരണ നിർമ്മാണം എന്നിവ നടത്തുന്നു.

# പൊതുവിജ്ഞാനം

ഇന്ന് മത്സരത്തിന്റേതായ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. മത്സരപ്പരീക്ഷകളിൽ വിജയം നേടുക ഇന്നിന്റെ ആവശ്യമായിമാറിയിരിക്കുന്നു. പ്രൈമറിതലത്തിൽ തന്നെ പൊതുവിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ വളരുന്നതിനും കുട്ടികളുടെ ജീവിതവിജയത്തിനും ഉതകുന്ന പൊതുവിജ്ഞാന മേഖലയിൽ കൂടുതൽ മികവുള്ളവരാക്കിമാറ്റുന്നതിന് LMSLPS Ponnamkulam School ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രോജക്ട്.

- വിഷയാടിസ്ഥാനത്തിൽ പൊതുവിജ്ഞാനചോദ്യങ്ങൾ നൽകുക.
- ആഴ്ചയിൽ ഒരു ദിവസം പൊതുവിജ്ഞാനപ്പരീക്ഷ നടത്തുക.
- പൊതുവിജ്ഞാന ചോദ്യോത്തരപ്പയറ്റ് സംഘടിപ്പിക്കുക.
- ഓരോ വിഷയത്തിലും ഓരോ കുട്ടിയും ചോദ്യങ്ങൾ സ്വന്തമായി കണ്ടെത്തുക.
- ഓരോ കുട്ടിയും പൊതുവിജ്ഞാനപ്പതിപ്പ് തയ്യാറാക്കുക.
- സമകാലികസംഭവങ്ങൾ ഉൾപ്പെടുത്തുക.

# കലാകായികം പ്രവൃത്തിപരിചയം

## പ്രവർത്തനങ്ങൾ

* കുട്ടികളെ കലാകായികം പ്രവൃത്തിപരിചയം എന്നീ മേഖലകളിലേക്ക് അവരുടെ അഭിരുചിക്കനുസരിച്ച് ക്ലാസ് അടിസ്ഥാനത്തിൽ തരംതിരിക്കുന്നു.
* സംഗീതം, ചിത്രരചന, നൃത്തം, സ്പോർട്സ് എന്നിങ്ങനെ മേഖലകളാക്കി തരംതിരിക്കുന്നു.
* വിവിധ ഇനങ്ങൾ പരിശീലിപ്പിക്കുന്നതിനു കഴിവുള്ള പ്രാദേശിക വിദഗ്ധരുടെ ലിസ്റ്റ് തയ്യാറാക്കി അവരുടെ ലഭ്യമാക്കുന്നതിനുള്ള പരിപാടി ആസൂത്രണം ചെയ്യുന്നു.
* ആഴ്ചയിൽ ഒരു ദിവസം പ്രത്യേക ക്ലാസുകൾ നൽകി പരിശീലനം നൽകുന്നു.
* വിദ്യാർത്ഥികളുടെ കായികക്ഷമതയ്ക്കനുസരിച്ച് പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു.
* ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് ചെയ്ത് സമാഹരിക്കുന്നു.
* വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പരിശീലനം നൽകുന്നു.

# ശുചിത്വം മഹത്വം

ശുചിത്വശീലങ്ങൾ പാലിക്കുക എന്നത് ഒരുത്തമ പൗരന്റെ ധർമ്മമാണ്. നാളത്തെ പൗരന്മാരായി തീരേണ്ടവരാണ് ഇന്നത്തെ കുട്ടികൾ. അതു കൊണ്ടുതന്നെ നല്ല തലമുറയ്ക്ക് വേണ്ടുന്ന ഗുണങ്ങൾ ബാല്യകാലത്തിൽ തന്നെ പരിശീലിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതുകൊണ്ട് സ്കൂളുകളിൽ ഇത് വളരെ പ്രാധാന്യത്തോടെ ചെയ്യേണ്ട പ്രവർത്തനമാണ് വ്യക്തിശുചിത്വം. പരിസരശുചിത്വം, അതിലൂടെ നമ്മുടെ നാടിന്റെ ശുചിത്വം ഉറപ്പാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം.

## ലക്ഷ്യങ്ങൾ

* വ്യക്തിശുചിത്വം പാലിക്കുക.
* വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക.
* സ്കൂൾ പരിസര, ശുചിത്വം പാലിക്കുക
* മാലിന്യവിമുക്ത ക്ലാസ്.
* ചിട്ടയായ ശുചീകരണ പ്രവർത്തനത്തിലേർപ്പെടുക.

## മാലിന്യമുക്തക്യാമ്പസ്

സ്കൂൾ ക്യാമ്പസ് മാലിന്യവിമുക്തമാക്കുക. സ്കൂൾ കോമ്പൗണ്ടിൽ പോസ്റ്ററുകൾ പതിപ്പിക്കുന്നു. പ്ലാസ്റ്റിക് കുപ്പിക്ക് പകരം സ്റ്റീൽ കുപ്പി ഉപയോഗിക്കുക, പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കുക തുടങ്ങിയവ നടപ്പിലാക്കുന്നു.

## ചിട്ടയായ ശുചീകരണം.

ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു. ഓരോ ശുചിത്വസേനയുടെയും ചുമതല ഓരോ അധ്യാപികയ്ക്ക് നൽകുന്നു. പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ഇത് സഹായിക്കുന്നു.

* അധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവരുടെ കൂട്ടായ്മ ഉണ്ടാക്കി ICT ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള പരിശീലനം. വൈദഗ്ധ്യമുള്ള രക്ഷിതാക്കളുടെ സേവനം.
* പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തിലെ കുട്ടികളെ പഠനപ്രവർത്തനങ്ങളിലേക്ക് ആകർഷിക്കാനായി വൈവിധ്യമാർന്ന പരിപാടികൾ നടത്തുന്നു.

# നാട്ടറിവുകൾ

ഓരോ ക്ലാസിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ, കളികൾ, നാട്ടറിവുകൾ എന്നിവ കുട്ടിയുടെ സംസ്കാരത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവ് ഇന്നത്തെ സാമൂഹ്യപരിസ്ഥിതിയിൽ അനിവാര്യമായിരിക്കുന്നു.

ലക്ഷ്യങ്ങൾ

* പഴമയുടെ നന്മ കുട്ടികളെ ബോധ്യപ്പെടുത്തുക.
* പ്രാദേശിക വിദഗ്ധരെ വിദ്യാലയപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക
* സാമൂഹിക ഇടപെടലുകളിലൂടെ കൂടുതൽ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കുക.

# ഉപസംഹാരം

സമഗ്രഗുണമേന്മ വിദ്യാഭ്യാസം ഉറപ്പു വരുത്താനും വിദ്യാഭ്യാസം ശിശു കേന്ദ്രീകൃതമാക്കാനും സർഗ്ഗാത്മകതയെ വളർത്താനും വിമർശനാത്മകചിന്ത വളർത്താനും പ്രശ്നപരിഹരണശേഷി നേടാനും വിദ്യാലയത്തെ പൊതു സമൂഹത്തോട് അടുപ്പിച്ച് നിർത്താനും ഈ കർമ്മപദ്ധതികൾ ഉപകരിക്കുമെന്ന് വിശ്വസിക്കുന്നു. വിദ്യാലയത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യം വയ്ക്കുന്ന ഈ വികസന രേഖ ഇവിടെ സമർപ്പിക്കുന്നു.